SUNDAY **18/05/2025** ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/05/2025

1. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

2. ഫിഷറീസ് വകുപ്പിന്റെ മത്സ്യകർഷക അവാർഡിന് അപേക്ഷ ക്ഷണിച്ചു. മികച്ച ശുദ്ധജല മത്സ്യ, ഓരു ജലമത്സ്യ, ചെമ്മീൻ, അലങ്കാരമത്സ്യകർഷകർ, നൂതന മത്സ്യക്കൃഷി നടപ്പാക്കുന്ന കർഷകൻ, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപ്പാദന യൂണിറ്റ് കർഷകൻ, മികച്ച തദ്ദേശസ്വയം ഭരണ സ്ഥാപനം, മികച്ച സ്റ്റാർട്ടപ്, മത്സ്യക്കൃഷിയിലെ ഇടപെടൽ സഹകരണ സ്ഥാപനം, മികച്ച അക്വാകൾച്ചർ പ്രൊമോട്ടർ, മികച്ച പ്രോജക്ട് കോ-ഓർഡിനേറ്റർ, മത്സ്യവകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ, മികച്ച ജില്ല എന്നിവയ്ക്കാണ് അവാർഡ്. പൂരിപ്പിച്ച അപേക്ഷ മേയ് 26 വരെ അതത് ജില്ലാ ഓഫീസിൽ സമർപ്പിക്കാം. വിവരങ്ങൾ ജില്ലാ ഫിഷറീസ് ഓഫീസിലും മത്സ്യഭവനിലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 1800 425 3183, 04712525200.

3. കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിലുള്ള മലമ്പുഴ റീജിയണൽ പൗൾട്രി ഫാമിൻ്റെ ഫോർട്ടിഫൈഡ് കോഴിവളം ജൈവ കൃഷി ചെയ്യുന്നവർക്ക് വളരെ പ്രയോജനകരമാണ്. ചാരം, മുട്ടത്തോട് കോഴി ഫാമിലെ ലിറ്റർ എന്നിവ ചേർത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നന്നായി പൊടിച്ച വളം എൻ്റെ കേരളം സ്റ്റാളിൽ വില്പനക്കുണ്ട്. കിലോക്ക് 11 രൂപ. നൈട്രജൻ ഫോസ്ഫറസ് പൊട്ടാസ്യം മറ്റു ധാരാളം മൂലകങ്ങളടങ്ങിയ ഒന്നാന്തരം ഓർഗാനിക് വളം. കൂടുതൽ വേണ്ടവർ ഫാമിലേക്ക് വിളിക്കുക. അയച്ചു തരാനുള്ള ചിലവു കൂടി വഹിച്ചാൽ അതിനുള്ള ക്രമീകരണവും ചെയ്യുന്നതാണ്. വിളിക്കേണ്ട നമ്പർ 0491 2971389, 9447368196.

4. മൃഗസംരക്ഷണ നിർദേശം – അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക. മദിചക്രത്തെയും ഗർഭധാരണത്തെയും ബാധിക്കുക. ഉൽപ്പാദനം കുറയുക, പാലിൻ്റെ കൊഴുപ്പിൻ്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും .

തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും. തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്. ധാരാളം ശുദ്ധ ജ. എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിൻറെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ

കൂടുതലാണെന്നതും മറക്കാതിരിക്കുക. എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിൻ്റെ അളവു ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക. പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം